**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **09-02-2023 - ൽ മറുപടിയ്ക്ക്**

**സൗദി അറേബ്യയിൽ റിയാദ് കേന്ദ്രമാക്കി നോർക്കയുടെ ആഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സൗദി പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമമായ ഇടപെടലുകൾ നടത്തുവാനും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ തുടങ്ങിയ വിവിധ ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റുന്നതിനും വിവിധ പ്രവാസി ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ പ്രവാസികളുടെ ഇടയിൽ എത്തിക്കാനും സൗദി അറേബിയയിൽ റിയാദ് കേന്ദ്രമാക്കി നോർക്കയുടെ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ലോകകേരളസഭാംഗങ്ങൾ വഴിയും പ്രവാസി സംഘടനകൾ വഴിയും പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിനാൽ സൗദി അറേബ്യയിലെ റിയാദ് ഉൾപ്പെടെ വിദേശരാജ്യങ്ങളിൽ നോർക്കയുടെ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച ശിപാർശകൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രവാസികളുടെയും അവരുടെ കുട്ടികളുടെയും തുടർ വിദ്യാഭ്യാസത്തിന് സഹായകമായ രീതിയിൽ സംസ്ഥാനത്തെ പുതിയ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഒരു കേന്ദ്രവും പരീക്ഷ സെന്ററും സൗദി അറേബിയയിൽ റിയാദ് കേന്ദ്രമാക്കി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആക്ട് പ്രകാരം കേരളത്തിന് പുറത്ത് സർവ്വകലാശാലയുടെ കേന്ദ്രവും പരീക്ഷ സെന്ററും സ്ഥാപിക്കുവാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ